(സി) ഈ കാലയളവിൽ യോഗ്യതയില്ലാത്ത ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ പെടുത്തിയത് സംബന്ധിച്ച് എത്ര കേസുകൾ ഹൈക്കോടതിയിലെത്തി ; ഇത്തരത്തിൽ ഹൈക്കോടതി മുമ്പാകെ വന്ന കേസുകളിൽ എത്രയെണ്ണത്തിൽ ഹൈക്കോടതി പി.എസ്.സി.-യുടെ നിലപാടിനെതിരായി വിധി പ്രസ്താവിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-യുടെ പരിധിയിൽപ്പെടാത്ത നിയമനങ്ങൾ

47 [860] ശ്രീ. ലൂഡിലൂയിസ് :

„ ഇ. എം. അഗസ്തി :

„ എം. കെ. പോൾസൺ മാസ്റ്റർ :

„ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പി.എസ്.സി.-യുടെ പരിധിയിൽപ്പെടാത്ത നിയമനങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റ്

48 [861] ശ്രീ. ടി.യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴി ഒരു ജില്ലയിൽ (DRB) നിയമനം ലഭിച്ചാൽ അടുത്ത പ്രമോഷന് മുമ്പ് ജില്ലാന്തര സ്ഥലംമാറ്റം വാങ്ങുന്നവർക്ക് സീനിയോറിറ്റി നഷ്ടപ്പെടും എന്ന് പറയുന്നത് ശരിയാണോ ;

(ബി) എങ്കിൽ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിൽ അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങിയിട്ടും സീനിയോറിറ്റി നഷ്ടപ്പെടാത്തത് എന്തുകൊണ്ടാണ് എന്ന് പറയാമോ ;

(സി) ശമ്പളമില്ലാത്ത അവധി എടുത്ത് വിദേശത്ത് പോയി ജോലി ചെയ്തു വരുന്നവർക്ക് പ്രസ്തുത കാലയളവിലെ സീനിയോറിറ്റി നഷ്ടപ്പെടുമോ ;

(ഡി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റ് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പ്രസിദ്ധീകരിക്കുവാൻ കഴിയുമോ ;

(ഇ) 2005 ആഗസ്റ്റ് 30-ലെ G.O. (Ms) No. 59/2005/പ്ലാനിംഗ് പ്രകാരമുള്ള ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയിട്ടും ഇതുവരെയും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കാത്തത് എന്തുകൊണ്ടാണ് എന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ശാസ്ത്രീയമായി പരിഷ്കരിച്ച് IAS/IRS തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് പറയാമോ ;

(ജി) G.O. (P) .1815/99/(42) തീയതി 15-9-1999 പ്രകാരം പണം കൈകാര്യം ചെയ്യുന്നവർക്കുള്ള അലവൻസുകൾ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ പണം കൈകാര്യം ചെയ്യുന്ന ജീവനക്കാരനും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനും നൽകാത്തതിന്റെ കാരണം വിശദമാക്കാമോ ; സാങ്കേതിക കാരണങ്ങൾ ഒഴിവാക്കി ഇവർക്കും ഈ അലവൻസ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ;

(എച്ച്) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ ഇൻവെസ്റ്റിഗേറ്റർ നിയമനത്തിനുള്ള മിനിമം യോഗ്യത ഡിഗ്രിയോ തത്തുല്യ യോഗ്യതയോ ആക്കി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ; ഇതിൽ എന്തെങ്കിലും സാങ്കതിക തടസ്സം ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ശരിയാണ്.

(ബി) ഈ വകുപ്പിൽ 1-11-1992 വരെ സർവ്വീസിലുണ്ടായിരുന്ന നോൺ ഗസറ്റഡ് ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന W.A. 1204/03 നമ്പർ കേസിലുണ്ടായ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽ നിന്നും നൽകിയ ഉത്തരവിൻപ്രകാരം നോൺ ഗസറ്റഡ് ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ വേണ്ട നടപടികൾ പുരോഗമിച്ചുവരികയാണ്.

(സി) പ്രോബേഷൻ കാലാവധി പൂർത്തിയാക്കിയ ശേഷമാണ് ശമ്പള രഹിത അവധി എടുത്ത് വിദേശത്ത് ജോലി ചെയ്യുവാൻ പോകുന്നതെങ്കിൽ, ടിയാന് ലഭിക്കേണ്ട അടുത്ത പ്രമോഷൻ സമയത്ത് ടിയാൻ സർവ്വീസിൽ തിരികെ പ്രവേശിച്ചിട്ടുണ്ടെങ്കിൽ ടിയാന്റെ സീനിയോറിറ്റി സംരക്ഷിക്കപ്പെടും. എന്നാൽ പ്രൊബേഷൻ കാലാവധി പൂർത്തിയാകാതെ അവധിയിൽ പ്രവേശിക്കുന്നവർക്ക് അവരുടെ സീനിയോറിറ്റി നഷ്ടമാകും.

(ഡി) ഈ വകുപ്പിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പരിഗണനയിലിരിക്കുന്ന W.P. (C) 29962/05/HC നമ്പർ കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കഴിയുകയുള്ളു.

(ഇ) 2005 ആഗസ്റ്റ് 30-ലെ G.O. (Ms) No. 59/2005/Plg. ഉത്തരവ് പ്രകാരം ഈ വകുപ്പിലെ ഓരോ ഇൻവെസ്റ്റിഗേറ്റർമാരെ ഓരോ ഗ്രാമ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റികളുടെയും അധിക ചുമതല നൽകി പ്ലാൻ പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രാദേശിക സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നതിനും ഗവൺമെന്റ് നിർദ്ദേശം നൽകുകയുണ്ടായി. ഈ ഉത്തരവ് നടപ്പിലാക്കുന്നതിന് മുന്നോടിയായി

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുതലത്തിലുള്ള പ്രവർത്തനങ്ങളേയും, വിവരശേഖരണം, അതിന്റെ ക്രോഡീകരണം, കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഇൻഫർമേഷൻ കേരള മിഷൻ, കഴക്കൂട്ടം, വെള്ളനാട് ഗ്രാമപഞ്ചായത്ത് അധികാരികൾ, പഞ്ചായത്ത് ഡയറക്ടറേറ്റ് എന്നിവരുമായി വിശദമായ ചർച്ച നടത്തുകയുണ്ടായി. 2006 മാർച്ച് മാസത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) തൽക്കാലം ഈ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) തൃശ്ശൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലേയും പാലക്കാട് ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലേയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 15-9-1999-ലെ G.O. (P) 1815/99/(42)/ഫിൻ പ്രകാരമുള്ള സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇവ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(എച്ച്) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

മന്ത്രിമാർ അതിഥി സൽക്കാരത്തിനും ഇന്റർനെറ്റ് ഇനത്തിലും ചെലവഴിച്ച തുക

49 [863] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിമാർ, മന്ത്രിമാർ എന്നിവർ അതിഥി സൽക്കാരങ്ങൾക്കായി ചെലവാക്കിയ തുകയുടേയും ഇന്റർനെറ്റ് ഇനത്തിൽ ചെലവഴിച്ച തുകയുടേയും വിശദവിവരങ്ങൾ അറിയിക്കുമോ ?

ഉത്തരം

അതിഥി സൽക്കാരം ഇനത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. † ഇന്റർനെറ്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

ദുരിതാശ്വാസനിധിയിൽ നിന്ന് തുക കൈപ്പറ്റിയവർ

50 [868] ശ്രീ. വി. കെ. സി. മമ്മദ്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 2003 മേയ് മുതൽ നവംബർ വരെയുള്ള കാലത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും തുക സ്വീകരിച്ചവരുടെ പേരും അവർക്ക് നൽകിയ തുകയും വ്യക്തമാക്കാമോ ;

(ബി) 2003 മേയ് മാസം വരെ മുഖ്യമന്ത്രി ദുരിതാശ്വാസം അനുവദിച്ച തുക ഫണ്ട് ഇല്ലാത്തതുകാരണം മാറ്റിവെച്ചുവോ ; എങ്കിൽ മാറ്റിവെയ്ക്കപ്പെട്ട തുക എത്ര ആയിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly